(ഇ) പരിശോധിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പും ഗ്രാമവികസനവകുപ്പും കൂടി പട്ടികജാതിക്കാർക്കായി 1993-94-ൽ 18228 വീടുകളും 1994-95-ൽ 17087 വീടുകളും ഉൾപ്പെടെ 35315 വീടുകൾ നിർമ്മിച്ചു നല്കിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസനവകുപ്പ് 1993-94-ൽ 880 പേർക്കും 1994-95-ൽ 846 പേർക്കും വീടുനിർമ്മിച്ചു നല്കിയിട്ടുണ്ട്.

(എഫ്) പരിശോധിച്ചിട്ടുണ്ട്. ജനകീയാസൂത്രണ പ്രസ്ഥാനത്തിലെ പാർപ്പിടരംഗത്തെ പ്രവർത്തനങ്ങൾ വിജയകരമായിരുന്നു എന്നു വിലയിരുത്തുന്നു. 1997-98, 1998-99 വാർഷിക പദ്ധതികളിൽ പട്ടികജാതിക്കാർക്ക് 52988 വീടുകളും പട്ടികവർഗ്ഗക്കാർക്ക് 8031 വീടുകളും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ പട്ടികജാതിക്കാരുടെ 35744 വീടുകളും പട്ടികവർഗ്ഗക്കാരുടെ 4444 വീടുകളും ആ കാലയളവിൽ പുനരുദ്ധരിക്കുകയും ചെയ്തിട്ടുണ്ട്. അതേസമയം അതിന് മുമ്പുള്ള 1995-96, 1996-97 വാർഷിക പദ്ധതികളിൽ പട്ടികജാതിക്കാർക്കുവേണ്ടി നിർമ്മിച്ച ആകെ വീടുകളുടെ എണ്ണം 46490 മാത്രമായിരുന്നു.

(ജി) 41179 ഭവനങ്ങൾ വൈദ്യുതീകരിച്ചിട്ടുണ്ട്.

(എച്ച്) നടപടി സ്വീകരിച്ചിട്ടുണ്ട്. ത്രിതല പഞ്ചായത്തുകളും, നഗരസഭാ സ്ഥാപനങ്ങളും നടപ്പാക്കുന്ന പ്രത്യേക ഘടക പദ്ധതി പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന് പ്രോജക്ട് പ്രകാരമുള്ള മോണിറ്റിംഗ് കമ്മിറ്റികൾക്ക് പുറമേ ബ്ലോക്ക്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലത്തിൽ പട്ടികജാതി വികസന ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. ഇവരെ സഹായിക്കുന്നതിനായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭാസ്ഥാപനങ്ങളിലും കോ-ഓർഡിനേറ്റർമാരേയും പട്ടികവർഗ്ഗ ഉപപദ്ധതി പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന് പട്ടികവർഗ്ഗ സങ്കേതങ്ങളിൽ സോഷ്യൽ ആക്ടിവിസ്റ്റുകളെയും നിയോഗിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പ്രത്യേക ഘടക പദ്ധതി പട്ടികവർഗ്ഗ ഉപപദ്ധതി പ്രവർത്തനങ്ങൾ പ്രത്യേകം മോണിറ്റർ ചെയ്യുന്നതിനുള്ള ചുമതല ജില്ലാതല പട്ടികജാതി-പട്ടികവർഗ്ഗ സമിതിക്കു നല്കിയിട്ടുണ്ട്. (ഇതു സംബന്ധിച്ച ഉത്തരവ് നം. ജി.ഒ.(പി) 12/97/പ്ലാനിംഗ് തീയതി : 30-5-1997 അനുബന്ധം II† ആയി കാണുക) കൂടാതെ സംസ്ഥാനാസൂത്രണ ബോർഡിന്റെയും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുടെയും ആഭിമുഖ്യത്തിൽ പട്ടികജാതി-പിന്നോക്ക വിഭാഗക്ഷേമ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാന ജില്ലാതല അവലോകനയോഗങ്ങളും നടക്കാറുണ്ട്.

പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമത്തിനായുള്ള ചെലവ്

4 (1155) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

† അനുബന്ധം VII 'എ'

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി-പട്ടികവർഗ്ഗവിഭാഗങ്ങളുടെയും മറ്റു പിന്നോക്ക വിഭാഗങ്ങളുടേയും പാർപ്പിടം, വിദ്യാഭ്യാസം, കുടിവെള്ളം, റോഡ് തുടങ്ങിയ പദ്ധതികൾ ഓരോന്നും നടപ്പിലാക്കുന്നതിനുവേണ്ടി 1996-97, 1997-98, 1998-99, 1999-2000, 2000-2001 സാമ്പത്തികവർഷങ്ങളിൽ എത്ര ലക്ഷം ചെലവഴിച്ചിട്ടുണ്ട് ; വിശദവിവരം നല്കുമോ ;

(ബി) 1991-96 യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ പ്രസ്തുത കാര്യങ്ങൾക്കുവേണ്ടി എത്ര ലക്ഷം രൂപ ചെലവഴിച്ചു ; സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതിക്കാരുടെയും മറ്റു പിന്നോക്കവിഭാഗങ്ങളുടെയും ഉന്നമനത്തിന് പാർപ്പിടം, വിദ്യാഭ്യാസം, കുടിവെള്ളം റോഡ് എന്നീ ഇനങ്ങളിൽ പട്ടികജാതി വികസന വകുപ്പു വഴി ചെലവഴിച്ച തുകയുടെ വിവരം അനുബന്ധം ഒന്നിലെ സ്റ്റേറ്റ്മെന്റിൽ ചേർത്തിട്ടുണ്ട്†. പട്ടികവർഗ്ഗ വികസനവകുപ്പുവഴിയും 20 ത്രിതലപഞ്ചായത്തുകൾ വഴിയും ചിലവഴിച്ച തുകയുടെ വിവരം ശേഖരിച്ചുവരുന്നു.

(ബി) യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് പ്രസ്തുത കാര്യങ്ങൾക്ക് വേണ്ടി പട്ടികജാതി വികസന വകുപ്പുവഴി ചെലവഴിച്ച തുകയുടെ വിവരം അനുബന്ധം 2-ലെ സ്റ്റേറ്റ്മെന്റിൽ ചേർത്തിട്ടുണ്ട്†. പട്ടികവർഗ്ഗവികസന വകുപ്പ് വഴി ചെലവഴിച്ച തുകയുടെ വിവരം ശേഖരിച്ചുവരുന്നു.

ആദിവാസികളുടെ ക്ഷേമത്തിന് നടപടി

5 (1156) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആദിവാസികളുടെ ക്ഷേമത്തിനുവേണ്ടി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; ഓരോ സാമ്പത്തിക വർഷവും എത്ര രൂപവീതം ചെലവാക്കിയെന്ന് വ്യക്തമാക്കുമോ ;

(ബി) ആദിവാസികളുടെ ക്ഷേമത്തിനുവേണ്ടി നടപ്പിലാക്കുന്ന പദ്ധതികളുടെ പ്രയോജനം അവർക്കുതന്നെ ലഭ്യമാക്കുന്നുണ്ടോയെന്ന് പരിശോധിക്കാറുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദവിവരം വ്യക്തമാക്കുമോ ;

(ഡി) ഇല്ലെങ്കിൽ ഇത് പരിഗണിക്കുമോ ?

† അനുബന്ധം VIII & VIII 'എ'

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VIII

[1-3-2001-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4(1155)-ന്റെ 'എ' ഉത്തരം ദയവായി കാണുക]

സ്റ്റേറ്റ്മെന്റ് നമ്പർ I

(രൂപ ലക്ഷത്തിൽ)

ഇനം	1996-97		1997-98		1998-99		1999-2000 (ജനുവരി 31 വരെ)		2000-2001	
	പദ്ധതി	പദ്ധതി യേതരം	പദ്ധതി	പദ്ധതി യേതരം	പദ്ധതി	പദ്ധതി യേതരം	പദ്ധതി	പദ്ധതി യേതരം	പദ്ധതി	പദ്ധതി യേതരം
പട്ടികജാതി വിഭാഗം										
1. വിദ്യാഭ്യാസം	1162.16	2202.23	1293.78	2477.28	1507.38	2956.64	1968.06	3001.97	1602.90	2427.42
2. പാർപ്പിടം	400.00	20.15	2075.00	10.52	2825.80	14.35	2073.75	21.35	3407.75	3.12
3. കുടിവെള്ളം	..	2.00	..	..	..	..	..	2.20	..	..
4. റോഡ്	..	..	..	..	..	..	..	..	..	..
ആകെ	1562.16	2224.38	3368.78	2487.80	4333.18	2970.99	4041.81	3025.52	5010.65	2430.54
മറ്റു പിന്നോക്ക വിഭാഗം										
വിദ്യാഭ്യാസം	23.96	807.93	10.00	1297.62	9.99	1624.21	9.99	1495.67	9.99	1167.26
ആകെ മൊത്തം	1586.12	3032.31	3378.78	3785.42	4343.17	4595.20	4051.80	4521.19	5020.64	3597.80

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VIII 'എ'

[1-3-2001-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4(1155)-ന്റെ 'എ' ഉത്തരം ദയവായി കാണുക]

സ്റ്റേറ്റ്മെന്റ് നമ്പർ II

(രൂപ ലക്ഷത്തിൽ)

ഇനം	1991-92		1992-93		1993-94		1994-1995 (ജനുവരി 31 വരെ)		1995-1996	
	പദ്ധതി	പദ്ധതിയിതരം	പദ്ധതി	പദ്ധതിയിതരം	പദ്ധതി	പദ്ധതിയിതരം	പദ്ധതി	പദ്ധതിയിതരം	പദ്ധതി	പദ്ധതിയിതരം
പട്ടികജാതി വിഭാഗം										
1. വിദ്യാഭ്യാസം	449.44	1442.95	500.42	1608.41	482.59	2066.32	515.11	1958.34	778.94	1843.24
2. പാർപ്പിടം	247.37	26.97	276.18	21.74	257.64	26.33	278.76	15.90	11.68	18.20
3. കുടിവെള്ളം	..	1.05	..	1.34	..	1.86	..	2.00	..	1.25
4. റോഡ്	..	..	..	..	..	..	..	..	..	..
ആകെ	696.81	1470.97	776.60	1631.49	740.23	2094.51	793.87	1976.24	790.62	1862.69
മറ്റു പിന്നോക്ക വിഭാഗം										
വിദ്യാഭ്യാസം	4.15	670.53	5.28	698.48	6.17	757.42	6.28	711.97	6.62	800.70
ആകെ മൊത്തം	700.96	2141.50	781.88	2329.97	746.40	2851.93	800.15	2688.21	797.24	2663.39